# മൻ കി ബാത്ത്

വാല്യം – 11



# MANN KI BAAT
## VOL.11

**ഇല്ലസ്ട്രേഷൻ, കവർ ആർട്ട്**
ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**
രവീന്ദ്ര മൊകാതെ

**നിർമ്മാണം**
അമർ ചിത്ര കഥ

**കളറിസ്റ്റ്**
പ്രകാശ് ശിവൻ, പ്രജേഷ് വി. പി., എം. പി. രാജീവൻ

**ലേയ്ഔട്ട് ആർട്ടിസ്റ്റ്**
അക്ഷയ് ഖാദിൽക്കർ

**പ്രസാധനം**
അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

**MALAYALAM**

ISBN – 978-93-6127-464-0

Amar Chitra Katha Pvt. Ltd, February 2024

© Ministry of Culture, Govt of India, February 2024
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.



എന്റെ പ്രിയപ്പെട്ട കുട്ടികളേ,

‘മാതാ പിതാ ഗുരു ദൈവം‘ എന്ന വാക്യത്തിൽ എന്നും വിശ്വസിക്കുന്നതാണ് നമ്മുടെ സംസ്കാരം.

എൻ. കെ. ഹേമലത എന്ന തമിഴ് അദ്ധ്യാപികയും അതിനനുസരിച്ചാണ് ജീവിച്ചുവന്നിരുന്നത്. കോവിഡ്-19 കാലത്ത്, സ്കൂളുകൾ അടഞ്ഞു കിടക്കുകയായിരുന്നു, ഹേമലതാ ജി ആനിമേറ്റഡ് വീഡിയൊകളിലൂടെ പാഠഭാഗങ്ങൾ നിർമ്മിച്ച് അവരുടെ ശിഷ്യന്മാർക്ക് വിതരണം ചെയ്തു.

സാന്താളിയിലെ ശ്രീപതി ടുഡു എന്നൊരു പ്രൊഫസർ, മാസങ്ങളുടെ ഗവേഷണത്തിനു ശേഷം നമ്മുടെ ഭരണഘടന സാന്താളി ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്തു. ഇപ്പോൾ, ധാരാളം സാന്താളി ജനങ്ങൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് വായിക്കാൻ സാധിച്ചു-എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഇതു സാധിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

എന്തായാലും, മഹാത്മാക്കളായ അദ്ധ്യാപകർ എല്ലായ്പ്പോഴും ക്ലാസ്സ്റൂമിൽ മാത്രം കാണപ്പെടുന്നവരല്ല.

അബ്ദുൾ ഗഫൂർ ഖത്രി എന്ന റോഗൻ കലാകാരൻ 200-ലധികം പെൺകുട്ടികളെ പുരാതനമായ വസ്ത്രങ്ങളിലുള്ള ചിത്രമെഴുത്ത് പരിശീലിപ്പിച്ചുകൊണ്ട്, ചരിത്രപരമായി പുരുഷ മേധാവിത്വം നിലനിന്നിരുന്ന മേഖലയിൽ സ്ത്രീകൾക്കും ഒരു ഇടം നൽകി.

അതുപോലെ, നാഗാലാൻഡിലെ ലിഡി ക്രൗ സൊസൈറ്റി, നാഗാ പാരമ്പര്യങ്ങൾ നശിക്കരുത് എന്ന ലക്ഷ്യത്തോടെ പുതു തലമുറയ്ക്കായി ശിൽപശാലകൾ നടത്തി.

‘ആയിരം മെഴുകുതിരികൾക്ക് തിരിതെളിയ്ക്കാൻ ഒരു മെഴുകുതിരി നാളം മതി’ എന്ന് ഗാന്ധി പറഞ്ഞിട്ടുണ്ട്. ആവേശത്തോടെ പഠിക്കുക, മറ്റുള്ളവർക്ക് പകർന്നു നൽകുക. നിങ്ങൾ മറ്റൊരാളുടെ മെഴുകുതിരി കത്തിച്ചാൽ, അത് മാറ്റത്തിന് വഴിയൊരുക്കുന്ന ടോർച്ചായി മാറിയേക്കാം.



# ഉള്ളടക്കം


| | | |
|---|---|---|
| 1 | അബ്ദുൾ ഗഫൂർ ഖത്രി | 3 |
| 2 | ബൻടു ധോത്രെ | 6 |
| 3 | ദൈതരി നായിക് | 9 |
| 4 | ലിഡി ക്രൗ സൊസൈറ്റി | 12 |
| 5 | മാർട്ടിന ദേവി | 15 |
| 6 | എൻ. കെ. ഹേമലത | 17 |
| 7 | മാ സരസ്വതി സ്വാശ്രയ സഹായ സംഘം | 19 |
| 8 | സ്മാർട്ട്ഗാവ് | 22 |
| 9 | സൊണാലി ഹെൽവി | 25 |
| 10 | ശ്രീപതി ടുഡു | 28 |
| 11 | യുവ ബ്രിഗേഡ് | 31 |

# അബ്ദുൾ ഗഫൂർ ഖത്രി



കുട്ടികൾ ഇന്ത്യയിലെ വിവിധ കലാ രൂപങ്ങളെക്കുറിച്ച് പഠിക്കുകയായിരുന്നു.
നമ്മൾ ഒരിക്കലും ഇതിൽ ഒന്നിനെക്കുറിച്ചും കേട്ടിട്ടില്ലല്ലോ, ഇതെങ്ങിനെ സംഭവിച്ചു?
ദിനേശ്, യന്ത്ര നിർമ്മിത കലാ വസ്തുക്കൾ വിപണി കൈയടക്കി. അവ വിലകുറഞ്ഞതും സുലഭവുമാണ്.
ART FORMS OF INDIA
അബ്ദുൾ ഗഫൂർ ഖത്രി എന്ന കലാകാരനെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം, തന്റെ കലയുടെ പ്രസക്തി നിലനിർത്താനായി പോരാടിയ കലാകാരനാണ് അദ്ദേഹം. ഇപ്പോൾ അദ്ദേഹം അത് ലോകമെമ്പാടും പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നു.
കഥയുടെ സമയമായി! ഹായ്!
റോഗൻ കല പേർഷ്യയിൽ നിന്ന് ഇന്ത്യയിലെത്തിയ ഒരു പുരാതന കലാരൂപമാണ്. ആവണക്കെണ്ണയുടെയും നിറത്തിന്റെയും മിശ്രിതമായ റോഗൻ, തുണിയിൽ കൈകൊണ്ട് സങ്കീർണ്ണമായ പാറ്റേണുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.
ഗുജറാത്തിലെ കച്ചിലെ നിരോണ ഗ്രാമത്തിലെ ഖത്രി കുടുംബം തലമുറകളായി ഈ കല അഭ്യസിച്ചുവരുന്നു.
1965ൽ ഖത്രി കുടുംബത്തിൽ ഒരു ആൺകുട്ടി ജനിച്ചു. അബ്ദുൾ എന്ന് പേരിട്ടു. കുടുംബം റോഗൻ ആർട്ട് പരിശീലിക്കുന്നത് കണ്ടാണ് അവൻ വളർന്നത്.
ഇനി, കട്ടിയുള്ള എണ്ണക്കൂട്ടിൽ നമ്മൾ നിറം കലർത്തും.
കൊള്ളാം!
നിർഭാഗ്യവശാൽ, 70 – കളുടെ അവസാനത്തോടെ, ഈ കലാരൂപത്തിന് ഏതാണ്ട് വംശനാശം സംഭവിച്ചു.
കൈകൊണ്ട് നിർമ്മിച്ച റോഗൻ ആർട്ട് ഇനി ആരും വാങ്ങാൻ ആഗ്രഹിക്കുന്നില്ല. മെഷീൻ പ്രിന്റഡ് ഡിസൈനുകളുള്ള തുണിത്തരങ്ങൾ മാത്രമാണ് അവർ വാങ്ങുന്നത്.
ഇന്ത്യയിലെ റോഗൻ കലാകാരന്മാരുടെ അവസാന കുടുംബമാണ് നമ്മുടേത്. നമ്മൾ നിർത്തിയാൽ ഈ കലാരൂപം എന്നെന്നേക്കുമായി ഇല്ലാതാകും.


താമസിയാതെ അബ്ദുള്ളക്കും ജോലിക്കായി നഗരത്തിലേക്ക് മാറേണ്ടി വന്നു. കുറച്ചുകാലം അഹമ്മദാബാദിലും പിന്നീട് മുംബൈയിലും താമസിച്ചു.
കച്ചിൽ വരൾച്ച രൂക്ഷമാകുന്നു. ദിവസവേതനക്കാർക്ക് ജോലിയില്ല. എന്റെ കുടുംബം എങ്ങനെ അതിജീവിക്കും?
1980കളുടെ അവസാനത്തിൽ, ഗുജറാത്ത് സർക്കാരിൽ നിന്ന് റോഗൻ കലാസൃഷ്ടികൾക്കുള്ള ഒരു ഓർഡർ വന്നു. വീട്ടിൽ തിരിച്ചെത്തി കുടുംബത്തോടൊപ്പം പ്രവർത്തിക്കാൻ അബ്ദുൾ തീരുമാനിച്ചു.
അബ്ദുൾ, കാലം കുറേയായില്ലേ, നിങ്ങൾക്ക് റോഗൻ കല വീണ്ടും പഠിക്കേണ്ടി വരും.
അതെ അബു, എന്റെ ജീവിതം നമ്മുടെ കലയ്ക്കായി സമർപ്പിക്കാൻ തീരുമാനിച്ചു, അത് നിലനിൽത്താനായി വേണ്ടതെല്ലാം ചെയ്യണം.
ഇന്നത്തെ സമൂഹത്തിൽ റോഗന്റെ പ്രസക്തി നിലനിർത്താൻ ഒരു വഴി കണ്ടെത്തേണ്ടതുണ്ട്.
പണ്ട്, ഇവിടത്തെ ആളുകൾ വസ്ത്രങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഞങ്ങളുടെ തുണിത്തരങ്ങൾ വാങ്ങുമായിരുന്നു, എന്നാൽ ഇപ്പോൾ മെഷീൻ നിർമ്മിത തുണികളിലേയ്ക്കു മാറി. ഇനി, നമ്മുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഒരു പുതിയ വിപണി കണ്ടെത്തേണ്ടതുണ്ട്.
നിങ്ങൾ പറഞ്ഞത് ശരിയാണ് അബ്ദുൾ.
വൈകാതെ, ബാഗുകൾ, ബെഡ്ഷീറ്റുകൾ, ജാക്കറ്റുകൾ, കുർത്തകൾ എന്നിങ്ങനെ ഒട്ടേറെ റോഗൻ ഡിസൈനുകൾ അബ്ദുൾ പുറത്തിറക്കി.


പുതിയ ഉൽപ്പന്നങ്ങൾ വിറ്റഴിയുന്നു! വിനോദസഞ്ചാരികൾ വലിയ രീതിയിൽ ബിസിനസ്സ് പുനരുജ്ജീവിപ്പിച്ചു.
താമസിയാതെ, വിനോദസഞ്ചാരികൾക്ക് ഈ കലാരൂപത്തിൽ കൂടുതൽ താൽപ്പര്യം ജനിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ വർക്ക്ഷോപ്പുകളും അതിൽ 'ചോദ്യോത്തര വേള'യടങ്ങുന്ന ഒരു സെഷനും ആരംഭിച്ചു.
ഇന്ന്, റോഗൻ കലയെക്കുറിച്ച് പഠിക്കാൻ, ഉത്സുകരായി പ്രതിദിനം 150-ലധികം സന്ദർശകരെ ഖത്രി കുടുംബത്തിന് ലഭിക്കുന്നു.
അബ്ദുൾ നമ്മുടെ കരകൗശലവിദ്യയെ ഒരു കലയുടെ തലത്തിലേക്ക് ഉയർത്തി. ആളുകൾ വീണ്ടും നമ്മളെ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു.
തന്റെ കരകൗശല വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി അബ്ദുൾ തന്റെ ഗ്രാമത്തിലെ 200-ലധികം പെൺകുട്ടികളെ പരിശീലിപ്പിക്കാൻ തുടങ്ങി. പരമ്പരാഗതമായി പുരുഷ മേധാവിത്വമുള്ള മേഖലയിലെ ഒരു ചരിത്രപരമായ ചുവടുവെപ്പായിരുന്നു അത്.
നിങ്ങൾ സ്ത്രീകൾ നല്ല ക്ഷമയുള്ളവരാണ്. നിങ്ങളുടെ ഈ പ്രായത്തിൽ ഞങ്ങൾക്ക് ഇത്ര ക്ഷമയുണ്ടായിരുന്നില്ല. ഹ ഹ ഹ!
2014ൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി, അന്നത്തെ യുഎസ് പ്രസിഡന്റ് ബരാക് ഒബായ്ക്ക്, ട്രീ ഓഫ് ലൈഫ് എന്ന അബ്ദുള്ളയുടെ റോഗൻ പെയിന്റിംഗുകളിലൊന്ന് സമ്മാനിച്ചതോടെ ഈ കല അതിന്റെ ഉന്നതങ്ങളിലെത്തി.
ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലൂടെ റോഗൻ കലയെ പുനരുജ്ജീവിപ്പിച്ചതിന്, അബ്ദുൾ 2019 ൽ പത്മശ്രീ നൽകി.
ഖത്രി കുടുംബത്തിലെ നിരവധി പേർക്ക് ദേശീയ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മൻ കി ബാത്തിൽ പ്രധാനമന്ത്രി മോദി അബ്ദുളിന്റെ സമർപ്പണത്തേയും നവീകരങ്ങളേയും പ്രത്യേകം പ്രശംസിച്ചു.

# ബൻടു ധോത്രെ


കുട്ടികൾ ഒരു ചർച്ച യുടെ മധ്യത്തിലായി രുന്നു.
പണ്ട് താജ്മഹലിന് വെള്ള നിറമായിരുന്നുവെന്ന് ഞാൻ വായിച്ചിട്ടുണ്ട്. വർഷങ്ങളായുള്ള അന്തരീക്ഷ മലിനീകരണം നിമിത്തം അത് ഇപ്പോൾ ഇളം മഞ്ഞനിറമായി മാറിയത്രെ.
എന്നാൽ ഈ കേടു പാടുകൾ പരിഹരിക്കാനോ സ്മാരകം പുനർനിർമിക്കാനോ ഇനി സാധിക്കില്ല. നമുക്കിനി ഒന്നും ചെയ്യാനില്ല.
പൂജ അത് ശരിയല്ല. നമുക്ക് സ്മാരകങ്ങൾ പുനർനിർമ്മിക്കാൻ കഴിയില്ലായിരിക്കാം, പക്ഷേ നമുക്ക് അവ പുതുക്കാനും സംരക്ഷിക്കാനും കഴിയും. നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു കോട്ട വൃത്തിയാക്കി പുനഃസ്ഥാപിച്ച എൻജിഒ മഹാരാഷ്ട്ര യിലുണ്ട്.
മഹാരാഷ്ട്രയിലെ ചന്ദ്രപൂർ സ്വദേശിയായ ബൻടു ധോത്രെയ്ക്ക് ജന്മദേശ ത്തോടും അതിന്റെ പ്രകൃതിയോടും അടങ്ങാത്ത സ്നേഹമായിരുന്നു.
വൻ വ്യാവ സായിക വികസനം മൂലം നമ്മൾ പ്രകൃതി യ്ക്ക് ഒരുപാട് ഹാനി വരുത്തുന്നുണ്ട്.
TIGER ATTACKS MAN
ജില്ലയുടെ മൂന്നിലൊന്ന് ഭാഗവും വനമേഖലയാണ്, അതുകൊണ്ട് മനുഷ്യർ വന്യമൃഗങ്ങളെ കണ്ടുമുട്ടുന്നത് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു.
ദുരന്തനിവാരണത്തിൽ പരിശീലനം നേടിയ അദ്ദേഹം, പ്രദേശം അഭിമുഖീകരിക്കുന്ന വിവിധ സാമൂഹികവും പ്രകൃതിദത്തവുമായ പ്രശ്നങ്ങളെക്കുറിച്ച് വളരെയധികം ആശങ്കാകുലനായിരുന്നു.
ഞാൻ എന്റെ കഴി വുകൾ നല്ല രീതിയിൽ ഉപയോഗിക്കുകയും ഇതുപോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ ചില സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിക്കുകയും വേണം.




*സഹോദരി എന്ന് മറാത്തിയിൽ

^സഹോദരൻ എന്ന് മറാത്തിയിൽ


ചന്ദ കോട്ടയുടെ ശുചീകരണവും പുനരുദ്ധാരണവും ആയിരുന്നു ഇക്കോ-പ്രോ സ്വീകരിച്ച പദ്ധതികളിൽ മറ്റൊന്ന്.
ഇതൊരു ദുഷ്കരമായ ദൗത്യമാണ്, എന്നാൽ ഈ കോട്ട ചന്ദ്രപൂരിന്റെ അഭിമാനമാണ്.
അതെ, ഇത് വീണ്ടും ശുചിയാകുന്നതുവരെ നമ്മൾ നിർത്താൻ പോകുന്നില്ല.
അതോടെ, ഇക്കോ പ്രോയുടെ പത്തംഗ ടീം കോട്ട ശുചിയാക്കാൻ ആരംഭിച്ചു.
എല്ലാ വാരാന്ത്യത്തിലും അവധി ദിവസങ്ങളിലും മറ്റ് സന്നദ്ധ പ്രവർത്തകരും സംഘത്തിനൊപ്പം ചേർന്നു.
ഇന്ന് എന്റെ കട അവധിയാണ്, എന്റെ മകനും സ്കൂളില്ല. ഞങ്ങൾ നിങ്ങളോടൊപ്പം ചേരട്ടെ?
തീർച്ചയായും!
കോട്ട പുനഃസ്ഥാപിക്കുന്നതിനുള്ള ഇക്കോ-പ്രോയുടെ ശ്രമത്തിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവരും ചേർന്നു.
200 ദിവസത്തെ തുടർച്ചയായ ജോലികൾക്കൊടുവിൽ കോട്ടയുടെ മിക്ക ഭാഗങ്ങളും വൃത്തിയാക്കി.
ഞങ്ങൾ ഒരുപാട് മുന്നോട്ട് പോയി, ടീം. ഞങ്ങളെയും ഞങ്ങളെ സഹായിച്ച എല്ലാ പൗരന്മാരെയും ഓർത്ത് ഞാൻ അഭിമാനിക്കുന്നു.
ഹോയ്!
ഇക്കോ-പ്രോയുടെ നേട്ടത്തെ പ്രധാനമന്ത്രിയും പ്രശംസിച്ചു.
കോട്ടകൾ നമ്മുടെ പൈതൃകത്തിന്റെ പ്രതീകങ്ങളാണ്. ചരിത്ര പൈതൃകം സുരക്ഷിതമായും വൃത്തിയായും സൂക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ഇക്കോളജിക്കൽ പ്രൊട്ടക്ഷൻ ഓർഗനൈസേഷനെയും അവരുടെ മുഴുവൻ ടീമിനെയും ചന്ദ്രപൂരിലെ ജനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു.

# ദൈതരി നായിക്


ഉഫ്! ആഹ്!
ഇത് വളരെ ദുഷ്കര മാണ്!
നാല് വർഷമായി എല്ലാ ദിവസവും ഇങ്ങിനെ അധ്വാനിച്ച ദൈതരി നായിക്കി നെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം. അദ്ദേഹം പാറയിൽ കുഴിച്ചുകൊണ്ടി രുന്നു, ഇതുപോലെ മൃദുവായ നിലമല്ല. അദ്ദേഹത്തിന്റെ നേട്ടം അവിശ്വസനീ യമായിരുന്നു.
ഒഡീഷയിലെ ശിലാ പ്രദേശമായ കിയോഞ്ജർ ജില്ലയിലെ തലബൈതരണി എന്ന വരണ്ട ഗ്രാമത്തിലാണ് ദൈതാരി നായിക് ജീവിച്ചിരുന്നത്.
ജീവിതം വളരെ ദുഷ്കരമാവു കയാണ്. ഇവിടെ ഒന്നും വളരുന്നില്ല, ആളുകൾ ഗ്രാമം ഉപേക്ഷി ക്കുന്നു.
അവർക്ക് എന്ത് ചെയ്യാൻ കഴിയും? ഇവിടെ വെള്ളമില്ല. മഴ പെയ്താൽ മാത്രമേ വിളകൾ വളരുകയുള്ളൂ, എന്നാലും വിളകൾ വിൽ പ്പനയ്ക്ക് തികയാ റുമില്ല.
ആ കുന്നുകൾക്ക് പിന്നിൽ വെള്ളം ഒഴുകുന്നത് എനിക്ക് കേൾക്കാം, പക്ഷേ ഒരു തുള്ളി പോലും ഇങ്ങോട്ടൊഴുകു ന്നില്ല.
ഗുപ്ത് ബൈതരണി നദി ഒഴുകുന്നത് ദൈതരിയുടെ ഗ്രാമത്തിനു പിന്നിലുള്ള ഗോണാസിക മലയിലൂടെയാണ്.
ആ വെള്ളം ഇങ്ങോട്ട് തിരിച്ചു വിടാൻ എന്തെങ്കിലും വഴിയുണ്ടായിരു ന്നെങ്കിൽ നമ്മുടെ ജീവിതം വളരെ അനായാസ മായേനെ.
ഹ ഹ! അതിന് നിങ്ങൾ കർഷകനല്ല, എഞ്ചിനിയ റാകണം.


അത് സത്യമാകട്ടെ.
സ്വപ്നം കാണുന്നതിൽ കാര്യമില്ല ദൈതരി.
ഹ്മ്...
1996 ലെ ഒരു പ്രഭാതം, ഒരു കമ്പിപ്പാരയും തോർത്തുമെടുത്ത്...
നീ എവിടെ പോകുന്നു?
...എന്നിട്ട് കുന്ന് ലക്ഷ്യമാക്കി നടന്നു.
അവൻ കുന്നിലെ ഒരു അരുവിയിൽ എത്തിയപ്പോൾ–
തഗ്ഗ്
തഗ്ഗ്!
അടുത്ത ദിവസം രാവിലെ–
നീ എന്താണ് ചെയ്യുന്നത്? ഇന്നലെ മുഴുവൻ നീ ഇവിടെ ആയിന്നല്ലോ. എനിക്ക് ഒരു വ്യത്യാസവും ഇവിടെ കാണാനാ കുന്നില്ല.
ഈ വെള്ളം നമ്മുടെ ഗ്രാമത്തി ലേക്ക് ഒഴുകാനായി ഒരു തോടുണ്ടാക്കണം. അതുണ്ടാകുന്നതു വരെ ഞാൻ കുഴിച്ചുകൊണ്ടി രിക്കും.
അതിനുശേഷം എല്ലാ ദിവസവും ദൈതരി കുന്ന് കുഴിച്ചുകൊണ്ടിരുന്നു.
തഗ്ഗ്
തഗ്ഗ്!
ഗ്രാമീണർക്ക് അതൊരു കൗതുക കാഴ്ചയായിരുന്നു.


പക്ഷെ കുറച്ചു കാലം കഴിഞ്ഞപ്പോൾ–
അവനെ നോക്കിക്കൊണ്ട് സമയം കളയുന്ന തിനു പകരം എനിക്ക് അവനെ സഹായി ക്കാമായിരുന്നു.
താമസിയാതെ, മറ്റ് ഗ്രാമീണരും തങ്ങൾക്ക് സാധിക്കുമ്പോഴൊക്കെ ഒപ്പം ചേർന്നു.
പതിയെ പാറകൾ വഴിമാറാൻ തുടങ്ങി. ദൈതരി നീണ്ട നാല് വർഷത്തോളം നദിയിൽ നിന്ന് താഴേക്ക്, മൂന്ന് കിലോമീറ്റർ നീളമുള്ള, ഒരു പരുക്കൻ കനാൽ വെട്ടി.
വെള്ളം! നമുക്കു വെള്ളം!
ദൈതരി കുഴിച്ച കനാൽ വഴി ഏകദേശം 100 ഏക്കർ തലബൈതരണിയിൽ ജലസേചനം ലഭിക്കുന്നു. ഒരു വർഷത്തി നുള്ളിൽ ഗ്രാമവാസികളുടെ ജീവിതം മാറി.
ഇനി നമുക്ക് വർഷം മുഴുവൻ വിളകൾ കൃഷി ചെയ്യാം.
നമുക്ക് വിൽക്കാൻ വിള കൾ മിച്ചമുണ്ട്. നമ്മുടെ കുട്ടികളെ പഠിപ്പിക്കാൻ പണവുമുണ്ട്.
ഇപ്പോൾ 'കനാൽ മാൻ ഓഫ് ഒഡീഷ' എന്നറി യപ്പെടുന്ന ദൈതരിക്ക് 2019 ൽ പത്മശ്രീ ലഭിച്ചു. മൻ കി ബാത്തിലും അദ്ദേഹം അഭിനന്ദിക്കപ്പെട്ടു.
പക്ഷെ ദൈതരിക്ക് ഒരു അപേക്ഷ യുണ്ട്–
കനാൽ കുഴിച്ചിട്ടുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തേ ണ്ടതുണ്ട്. സിമന്റ് ഉപയോ ഗിച്ച് ബലപ്പെടുത്താൻ സർക്കാരിന് കഴിയു മെങ്കിൽ, അത് വലിയ സഹായമായി രിക്കും.

# ലിഡി ക്രൗ സൊസൈറ്റി


ഇത് രുചികരമായിട്ടുണ്ട്. ഇതെന്താണ്?
എന്താ വിളിക്കുക എന്നറിയില്ല. ഇതുണ്ടാക്കാൻ എന്റെ മുത്തശ്ശിക്കു മാത്രമെ അറിയൂ.
നീ അത് പഠിച്ചെടുക്കാൻ ശ്രമിക്കൂ.
നമ്മുടെ സംസ്കാരം നിലനിർത്താനുള്ള ഏറ്റവും നല്ല മാർഗം അത് പഠിക്കുകയും പരിശീലിക്കുകയും ചെയ്യുക എന്നതാണ്. കൊഹിമയിലെ ഒരു കൂട്ടം ആളുകൾ യുവാക്കൾക്കിടയിൽ നാഗ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നു.
2012 ൽ, കോഹിമ–
നമ്മുടെ കുട്ടികൾക്ക് നമ്മുടെ സംസ്കാരവുമായി ബന്ധമില്ലാതായി.
അതെ, പാരമ്പര്യ വസ്ത്രം, സംഗീതം, ആഹാരം ഏതിലും എന്റെ കുട്ടികൾക്ക് താൽപര്യമില്ല.
ആരും പിൻതുടർന്നില്ലെങ്കിൽ പതിയെ നമ്മുടെ സംസ്കാരം കൈമോശം വരും.
നമ്മുടെ വരും തലമുറയ്ക്ക് പകരാനായി നമ്മൾ എന്തെങ്കിലും ചെയ്തേ മതിയാകൂ.


തങ്ങളുടെ സംസ്കാരത്തെ വംശനാശത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി, സ്ത്രീകളുടെ കൂട്ടായ്മ ലിഡി ക്രൗ സൊസൈറ്റി ആരംഭിച്ചു.
LIDI KROU SOCIETY KOHIMA
ഒരു ഗായകസംഘത്തിന്റെ ഭാഗമായിരുന്ന അമ്മമാരായിരുന്നു സൊസൈറ്റിയിലെ ഭൂരിഭാഗം അംഗങ്ങളും.
നാഗന്മാരുടെ പരമ്പരാഗത രീതികളെക്കുറിച്ച് കൂടുതലറിയാൻ താൽപ്പര്യമുള്ള ആളുകൾക്കായി അവർ വർക്ക് ഷോപ്പുകളും ക്ലാസുകളും നടത്തി, അവരുടെ വീട്ടുജോലികൾ പോലുള്ളവ...
അരി കുത്തുന്നത് എങ്ങിനെയെന്ന് ഞാൻ നിങ്ങളെ കാണിക്കാം.
...അവരുടെ ആഹാരം പാകം ചെയ്യുന്നത്...
ഈ മുളയ്ക്കുള്ളിൽ മത്സ്യം പാചകം ചെയ്യാൻ തയ്യാറായി.
ഞാൻ ഒരിക്കൽ കഴിച്ചിട്ടുണ്ട്, അത് വളരെ രുചികരമായിരുന്നു!
...അവരുടെ സംഗീതം...
ഈ പാട്ട് റെക്കോർഡ് ചെയ്യാം എന്നിട്ട് ഒരു ആൽബം തയ്യാറാക്കാം.
നല്ല ആശയം!
...അവരുടെ നൃത്തങ്ങൽ...
അവർ ഈ കുട്ടികളെ നന്നായി പരിശീലിപ്പിച്ചിട്ടുണ്ട്.
സത്യം. നമ്മുടെ നാടോടി നൃത്തത്തിന്റെ ഇത്രയും മനോഹരമായ പ്രകടനം എന്റെ കുട്ടിക്കാലം മുതൽ ഞാൻ കണ്ടിട്ടില്ല.




*ഒരു പാരമ്പര്യ നാഗ വസ്ത്രം, ഒരു പാവാടയായി ധരിക്കപ്പെടുന്നു.

# മാർട്ടിന ദേവി


ശ്രേയസ്സ് വിഷമ ത്തിലായിരുന്നു.
ഗ്രൗണ്ടിൽ നിന്നും ഹാളിലേക്ക് ഒട്ടുമിക്ക കസേരകളും കയറ്റിയത് ഞാനായിരുന്നു, സ്പോർട്സ് സാർ ആ പത്താം ക്ലാസുകാരനായ മഹേഷിനു മാത്രം നന്ദി പറഞ്ഞുകൊണ്ടിരുന്നു.
നിനക്ക റിയില്ല, നീ ഒരു ഭാരോദ്വഹനക്കാ രനായി മാറാം, ശ്രേയസ്.
ചെയർ എടുത്തതു കൊണ്ടോ?!
ഹ ഹ ഹ! എന്റെ ഈ കഥ കേൾക്കൂ അപ്പോൾ നിനക്ക് ഞാൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകും.
2016 ൽ, മണിപ്പൂരിലെ ഒരു ഉൾഗ്രാമത്തിൽ–
നോക്കൂ, പപ്പാ! കുഞ്ചുറാണി മണിപ്പൂർ സ്വദേശിയാണ്. അവളെപ്പോലെ ഒരു വെയിറ്റ്ലിഫ്റ്ററാകാൻ ഞാൻ ആഗ്രഹി ക്കുന്നു.
അങ്ങനെ മണിപ്പൂരിൽ നിന്നുള്ള കുഞ്ചു റാണി വിജയി യായിരിക്കുക യാണ്!
ഇന്ത്യൻ ചാമ്പ്യൻ ഭാരോദ്വഹന താരം കുഞ്ചുറാണി ദേവിയുടെ പരിപാടി കാണുകയായിരുന്നു പത്ത് വയസ്സുകാരി മാർട്ടിന.
തീർച്ചയായും നിനക്കു കഴിയും! നീ നന്നായി കഠിനാ ധ്വാനം ചെയ്താൽ മാത്രം മതി.
നീ വലിയ ബക്കറ്റ് വെള്ളം എനിക്കായി ദിവസവും എടുത്തു വരാറില്ലേ? നീയെന്റെ കരുത്തയായ മകളല്ലേ.


മാർട്ടിനയെ സംബന്ധിച്ചിടത്തോളം, അവളുടെ മാതാപിതാക്കളുടെ ആത്മവിശ്വാസം മാത്രം മതിയായിരുന്നു. ആ വർഷം ഡിസംബറിൽ അവൾ പരിശീലനം ആരംഭിച്ചു.
ഈ പെൺകുട്ടി ഒരുപാട് കഴിവുകൾ കാണിക്കുന്നു.
അതെ, അവൾ കായിക രംഗത്തും സമർപ്പിതയാണ്.
ലഖ്നൗവിലെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (സായ്) പിന്തുണയടക്കം, പരിശീലനവും സമർപ്പണവും നിരവധി വിജയങ്ങളിൽ കലാശിച്ചു.
2022 ൽ മാത്രം ഭാരോദ്വഹനത്തിൽ നിങ്ങൾ 39 റെക്കോർഡുകൾ സൃഷ്ടിച്ചു. നിങ്ങൾക്ക് പൂർത്തിയാക്കാൻ ഇനിയെന്തെങ്കിലും ബാക്കിയുണ്ടോ?
തീർച്ചയായും! ലോക വേദിയിൽ എനിക്ക് ഒരുപാട് ദൂരം പോകാനുണ്ട്, പക്ഷേ എനിക്ക് അത് ചെയ്യാൻ കഴിയും.
അപ്പോൾ എന്താണ് അടുത്തത്?
അത് വേൾഡ് യൂത്ത് ചാമ്പ്യൻഷിപ്പാണ്, പിന്നെ ഒളിംപിക്സും.
മാർട്ടിനയ്ക്ക് തന്നിലുള്ള അപാരമായ ആത്മവിശ്വാസം അവളുടെ സ്വന്തം പ്രസ്താവനയിൽ പ്രതിധ്വനിക്കുന്നു.
എനിക്കറിയാം. ഞാൻ മുൻപത്തെക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്.
പ്രധാനമന്ത്രി മോദി തന്റെ റേഡിയോ പരിപാടിയിൽ അവളുടെ നേട്ടങ്ങളെ പ്രശംസിച്ചത് മാർട്ടിനയുടെ വിജയത്തിന് മതിയായ തെളിവാണ്.

# എൻ. കെ. ഹേമലത




*സെക്കൻഡറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്, ഗ്രേഡ് 10 പരീക്ഷകൾ എന്നും അറിയപ്പെടുന്നു

^തമിഴ്നാട്ടിലെ ഒരു ജില്ല




*നേരായ ജീവിതത്തെയും നേരായ ചിന്തയെയും കുറിച്ചുള്ള തമിഴ് ഈരടികളുടെ ഒരു ശേഖരം

# മാ സരസ്വതി സ്വാശ്രയ സഹായ സംഘം




*ഉത്തർപ്രദേശിലെ ഒരു ജില്ല

^ഒരു വാഴച്ചെടി ഒരു പ്രാവശ്യം മാത്രമേ കായ്ക്കൂ. അതിനുശേഷം, തണ്ട് മുറിച്ചുമാറ്റി, പുതിയ ചിനപ്പുപൊട്ടൽ ഒരു പുതിയ ചെടിയായി വളരാൻ അനുവദിക്കും.



ഒരു ദിവസം, ലഖിംപൂർ ഖേരിയുടെ ചീഫ് ഡെവലപ്‌മെന്റ് ഓഫീസറായ അരവിന്ദ് സിംഗ് ഇസാനഗറിലെ സമൈസ ഗ്രാമത്തിലെത്തി കർഷകരെ കണ്ടു.
ഈ വാഴത്തണ്ടുകളെ നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു.
ഞങ്ങൾ കളയും.
ഇത് ഉപയോഗിച്ച് എന്തെങ്കിലും ചെയ്യണമെന്നുണ്ട്. പക്ഷേ എന്താണ് ചെയ്യേണ്ടതെന്നറിയില്ല. നല്ല വാഴത്തണ്ടുകൾ പാഴാക്കാൻ മനസ്സു വരുന്നില്ല.
ഹുംമ്... എന്തു ചെയ്യാൻ പറ്റുമെന്ന് നോക്കട്ടെ.
മാ സരസ്വതി എന്ന സ്വയം സഹായ സംഘത്തിന്റെ പ്രസിഡന്റായ പൂനം ദേവിയാണ് സംസാരിച്ചത്.
അരവിന്ദ് ഉടൻ തന്നെ പ്രശ്നത്തിന് ഫലപ്രദമായ പരിഹാരങ്ങൾ തേടാൻ തുടങ്ങി. ഒരുദിവസം–
ഇതാണ്, ഇതുതന്നെയാകണം. എനിക്കത് കിട്ടി!
അരവിന്ദ് പൂനം ദേവിയേയും അവരുടെ സംഘത്തേയും സമീപിച്ചു.
വാഴത്തണ്ടിൽ നിന്ന് നമുക്ക് നാരുകൾ വേർതിരിച്ചെടുക്കാം. വസ്ത്രങ്ങൾ, ബാഗുകൾ, മറ്റ് പല വസ്തുക്കൾ എന്നിവ നിർമ്മിക്കാൻ വാഴനാര് ഉപയോഗിക്കുന്നു. നമുക്ക് നമ്മുടെ ഗ്രാമത്തിൽ ഒരു എക്സ്ട്രാക്ഷൻ യൂണിറ്റ് സ്ഥാപിക്കാം. നാരുകൾ വേർതിരിച്ചെടുക്കുന്ന ജോലി നിങ്ങൾ ഏറ്റെടുക്കുമോ?
തീർച്ചയായും, സർ. ഇത് നമുക്ക് ഒരു വരുമാനം തരും, ഒപ്പം തണ്ടുകൾ നല്ല രീതിയിൽ ഉപയോഗിക്കപ്പെടുകയും ചെയ്യും.


അരവിന്ദ് ഉടൻ തന്നെ ഉപകരണങ്ങൾ വാങ്ങി സമൈസയിൽ സ്ഥാപിച്ചു.
ഇത് എങ്ങനെ ഉപയോഗിക്കണമെന്ന് മനസിലാക്കാൻ നിങ്ങൾ ഒരു ഓൺലൈൻ പരിശീലനം നേടാൻ തയ്യാറാകണം.
ഞാൻ ചെയ്യാം സാർ, മറ്റ് സ്ത്രീകളെ പരിശീലിപ്പിക്കാൻ സഹായിക്കുകയും ചെയ്യാം. ഞങ്ങൾ ഉടൻ ജോലി ആരംഭിക്കാം.
കുറച്ച് ആഴ്ചകൾക്കു ശേഷം –
ഉണക്കി വേർപെടുത്തിയ നാരാണിത്.
ഇത് മികച്ചതാണ്. ടെസ്റ്റിംഗിനും ട്രയലിനും വേണ്ടി ഞാൻ ഇത് കമ്പ നികൾക്ക് അയയ്ക്കട്ടെ, ആരെങ്കിലും അത് വാങ്ങാൻ തയ്യാറായേക്കാം.
2021 ജൂൺ മാസത്തിൽ –
പൂനം ദീദി, ഈ കത്ത് മാ സരസ്വതി ഗ്രൂപ്പി നാണ് വന്നിരിക്കു ന്നത്.
നല്ല വാർത്ത വല്ലതു മായിരിക്കുമെന്ന് എനിക്കു തോന്നുന്നു.
അതുറപ്പായിരുന്നു –
ഗുജറാത്ത് ആസ്ഥാനമായുള്ള ആൾട്ട്മാറ്റ് എന്ന കമ്പനിക്ക് 200 കിലോ വാഴനാരു വേണം. 21,000 രൂപ ടോക്കൺ തരാൻ പോലും അവർ തയ്യാറാണ്.
ഹോ, അത്ഭുതം തന്നെ!
ഇന്ന്, ഗ്രൂപ്പിലെ 40 സ്ത്രീകളിൽ ഓരോരുത്തരും ഒരു ദിവസം നാല് മുതൽ ആറ് കിലോഗ്രാം വരെ നാരുകൾ വേർതിരിച്ചെടുക്കുന്നു.
400 മുതൽ 600 രൂപ വരെയാണ് ഞങ്ങൾ ദിവസവും സമ്പാദിക്കുന്നത്. ഈ സംരംഭം ഞങ്ങൾക്ക് ഒരു വലിയ ഉപജീവന മാർഗ്ഗമാണ്.
കൂടുതൽ കമ്പനികൾ ഫൈബർ വാങ്ങുമെന്ന് സ്ത്രീകൾ പ്രതീക്ഷിക്കുന്നു. ഇത് അവരുടെ വരുമാനം വർ ദ്ധിപ്പിക്കുക മാത്രമല്ല, ഒരു വലിയ കാർഷിക മാലിന്യം കൈകാര്യം ചെയ്യാൻ സഹായകരമാകുകയും ചെയ്യും.

# സ്മാർട്ട്ഗാവ്




യുഎസ്എയി ലെ കാലിഫോർണിയയിലെ ഒരു നഗരം

^സാൻജോസിലെ ഒരു ഹാൾ




*ഉത്തർപ്രദേശിലെ റായ്ബറേലി ജില്ലയിലെ ഒരു ഗ്രാമം.

^ഗ്രാമത്തലവൻ


അടുത്ത വർഷം അവർക്ക് ഗ്രാമത്തിൽ ഇന്റർനെറ്റ് സേവനം,
തെരുവ് വിളക്കുകൾ, ടോയ്‌ലറ്റുകൾ, മെച്ചപ്പെട്ട വൈദ്യുതി
വിതരണം, മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എന്നിവ ലഭിച്ചു.

ഇന്റർനെറ്റ്
ഉപയോഗിക്കാൻ
ആഗ്രഹിക്കുന്ന എല്ലാ
വർക്കും വേണ്ടിയുള്ള
പുതിയ വൈഫൈ
സോണാണിത്.

നമ്മുടെ ഗ്രാമം
ആകെ മാറിയിരി
ക്കുന്നു. നിങ്ങളുടെ
പ്രവർത്തനത്തിന് എത്ര
നന്ദി പറഞ്ഞാലും
മതിയാകില്ല.

എന്നിരുന്നാലും, ഇരുവരുടെയും ജോലി പൂർത്തിയായിരു
ന്നില്ല. താമസിയാതെ അവർ ഗ്രാമത്തിലെ കർഷകരുമായി
ഒരു പദ്ധതിയുമായി ബന്ധപ്പെട്ട് കൂടിക്കാഴ്ച നടത്തി.

നമ്മുടെ ആപ്പിൽ,
നമുക്കായി ഒരു 'ഗ്രാം
മാർട്ട്' സംവിധാനം ഉണ്ട്.
നിങ്ങൾക്ക് വിൽക്കാൻ ആഗ്ര
ഹിക്കുന്ന ഉൽപ്പന്നങ്ങളെക്കുറി
ച്ചുള്ള വിവരങ്ങൾ നൽകാം.
സമീപ ഗ്രാമങ്ങളിലുള്ള
ആവശ്യക്കാർ ഓർഡർ
ചെയ്യും.

എന്നു
വെച്ചാൽ
ഇടനിലക്കാരു
ണ്ടാകില്ല.

അങ്ങനെ
യെങ്കിൽ വരുമാനം
വർദ്ധിക്കുമെന്ന്
പ്രതീക്ഷിക്കാം.

ഗ്രാമത്തിലെ സ്ത്രീകളുടെ
വരുമാനം മെച്ചപ്പെടുത്താനുള്ള
പദ്ധതികൂടി രജനിഷിനും യോ
ഗേഷിനും ഉണ്ടായിരുന്നു.

ആപ്പിൽ ബിസിനസ്
ഓപ്പർച്ചുനിറ്റി എന്നൊരു
ഫീച്ചർ ഉണ്ട്. നിങ്ങളുടെ
ഏതെങ്കിലും ഉൽപ്പന്നങ്ങൾ
വിൽക്കാൻ നിങ്ങൾ
ആഗ്രഹിക്കുന്നുവെങ്കിൽ,
ആപ്പ് വഴി നിങ്ങൾക്കത്
ചെയ്യാൻ കഴിയും.

ഞങ്ങളുടെ
ഈ പരിശീലന
ത്തിൽ പങ്കെടു
ത്തതിന് ശേഷം
ഞങ്ങൾക്ക് നിങ്ങളെ
ആളുകളുമായി
കണക്ട് ചെയ്യി
ക്കാനും നിങ്ങളുടെ
ഉൽപ്പന്നങ്ങൾ വിൽ
ക്കാനും വരുമാനം
വർദ്ധിപ്പിക്കാനും
നിങ്ങളെ സഹായി
ക്കാനാകും.

അടുത്ത ഏതാനും വർഷങ്ങളിൽ
രജനിഷും യോഗേഷും മറ്റ് 14 ഗ്രാമ
ങ്ങളിൽ തൗധക്പൂരിന്റെ വിജയം
ആവർത്തിച്ചു.

ക്ഷേമം ഉറ
പ്പാണ്. നിങ്ങളുടെ
ഗ്രാമത്തിൽ ഉടൻ
ശുദ്ധമായ കുടിവെ
ള്ളം ലഭിക്കും.

നിങ്ങളുടെ
പിന്തുണമാത്രം
മതി.

ഇന്ന്, രജനിഷും യോഗേഷും ഇരുപ
തിലധികം ഗ്രാമങ്ങളിൽ പ്രവർത്തി
ക്കുന്നു, അവരുമായി സഹകരിച്ച്
22 ഓളം സ്റ്റാർട്ടപ്പുകൾ ഉണ്ട്.

കാലക്രമേണ,
രാജ്യത്തെ ഓരോ
ഗ്രാമങ്ങളിലും എത്തി
ച്ചേരാനും അവയെല്ലാം
സ്മാർട്ട് ഗ്രാമങ്ങളാ
ക്കാനും ഞങ്ങൾ
ആഗ്രഹിക്കുന്നു.

സ്മാർട്ട്ഗാവ് സംരംഭം കാലക്ര
മേണ ജനപ്രീതി നേടുകയും
പ്രധാനമന്ത്രി മോദിയുടെ മൻ
കി ബാത്തിൽ പരാമർശിക്കപ്പെ
ടുകയും ചെയ്തു.

# സൊണാലി ഹെൽവി




*സങ്കീർണ്ണമായ കണക്കുകൂട്ടലുകൾ വേഗത്തിൽ നടത്താൻ ഉപയോഗിക്കുന്ന ഉപകരണം




*ഒരു നിര ഇരുന്ന ചേസർമാരും ഡിഫൻഡർമാരും കളിക്കുന്ന പരമ്പരാഗത ഇന്ത്യൻ ഗെയിം
**തൊട്ട് കീഴടക്കുന്നവരും പ്രതിരോധിക്കുന്ന ടീമും അടങ്ങുന്ന പരമ്പരാഗത ഇന്ത്യൻ കായിക ഇനം

^മറാത്തി ഭാഷയിൽ അമ്മ


വലിയ വിജയത്തിന് ശേഷം എത്തിയപ്പോൾ, അതു തന്റെ വീട്ടുകാരോട് പറയേണ്ട സമയമായെന്ന് സൊണാലിക്കു തോന്നി.
നോക്കൂ ആയി! കബടി ജൂനിയൽ നാഷണലിൽ ഞാൻ ഒരു സ്വർണ്ണമെഡൽ നേടി.
നീ കബഡി കളിക്കുന്നുണ്ടോ?
ജൂനിയർ നാഷണൽസോ?
നിങ്ങൾ രണ്ടുപേരും ഞാൻ പഠിച്ച് ജോലി നേടണമെന്ന് ആഗ്രഹിക്കുന്നുവെന്ന് എനിക്കറിയാം, പക്ഷേ എന്റെ വഴി അതല്ല. എനിക്ക് കബഡിയിൽ തുടരാൻ ആഗ്രഹമുണ്ട്.
നീ എല്ലാം തീരുമാനിച്ചിരിക്കുന്നു. നിന്റെ താൽപ്പര്യത്തിന് ഞങ്ങൾ ഇനി തടസ്സമാകില്ല.
എന്റെ സഹോദരി ഒരു ധിക്കാരിയാണ്! എന്നാൽ നീ ഇന്ന് ഞങ്ങളുടെയെല്ലാം അഭിമാനമായിരിക്കുന്നു.
പിന്നീടങ്ങോട്ട് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല.
സ്വയം പുഷ് ചെയ്യൂ സൊണാലി, നീ വലിയ ഉയരങ്ങളിൽ എത്തും.
ആത്മാർത്ഥമായി പരിശീലനം ആരംഭിച്ച സോണാലി 2008 ൽ മഹാരാഷ്ട്ര ടീമിന്റെ ക്യാപ്റ്റനായി.
ഇന്ന്, സൊണാലി അവളുടെ ആക്രമണാത്മക റെയ്ഡിംഗ് ശൈലിക്കും മികച്ച ഓൾറൗണ്ടർ എന്ന നിലയ്ക്കും അറിയപ്പെടുന്നു. അവളുടെ വിദ്യാഭ്യാസവും ജോലിയും സന്തുലിതമാക്കുന്നതിനോടൊപ്പം അവൾ അവളുടെ അഭിനിവേശം പിന്തുടരുന്നു.
അവളുടെ അഭിനിവേശത്തേയും നിശ്ചയദാർഢ്യത്തേയും പ്രധാനമന്ത്രി മോദി തന്റെ റേഡിയോ ഷോ ആയ മൻ കി ബാത്തിൽ ഉദ്ഘോഷിച്ചു.
തന്റെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ചില എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും, ഇച്ഛാശക്തിയുള്ളിടത്ത് തീർച്ചയായും ഒരു വഴിയുണ്ടെന്ന് സൊണാലി തെളിയിച്ചു!
ഇപ്പോൾ, ഇന്ത്യൻ ദേശീയ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതു പോലെയുള്ള ഉയർന്ന ലക്ഷ്യങ്ങളിലേക്ക് സൊണാലി ലക്ഷ്യം കേന്ദ്രീകരിക്കുന്നു.

# ശ്രീപതി ടുഡു




*ബംഗ്ലാദേശിലും നേപ്പാളിലും കാണപ്പെടുന്ന ഒരു ഗോത്രവർഗം
^സന്താളി ഭാഷയുടെ ലിപിയുടെ പേര്




*വളരെ സങ്കീർണ്ണമായ ജോലി.




* ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു...' ഇതാണ് ഭരണഘടനയുടെ ആമുഖത്തിലെ ആദ്യ വാചകം.


യുവ ബ്രിഗേഡ്
ഒരു ദിവസം ക്ലാസ്സിൽ –
സാർ, സാമൂഹ്യമാധ്യമങ്ങൾ നമ്മളെ അടിമപ്പെടുത്തുമെന്ന് ഞാൻ വായിച്ചു. അത് സത്യമാണോ?
അതെ, സോണൽ. എന്നാൽ വിവേകത്തോടെ ഉപയോഗിച്ചാൽ, അത് അറിവിനും പ്രചോദനത്തിനുമുള്ള ഒരു ഉപകരണമാകും. കർണാടകയിലെ യുവ ബ്രിഗേഡിനെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം.
2020 ന്റെ തുടക്കത്തിൽ, കർണാടകയിലെ ശ്രീരംഗപട്ടണത്തിനടുത്തുള്ള ഗഞ്ചം ഗ്രാമത്തിൽ, ചില ചെറുപ്പക്കാർ അവരുടെ ഫോണിലൂടെ സ്ക്രോൾ ചെയ്യുകയായിരുന്നു.
ആണോ? നമ്മുടെ ഗ്രാമത്തിൽ ഒരു പുരാതന ക്ഷേത്രം ഉണ്ടെന്ന് നിങ്ങൾക്കറിയാമോ? ഇതിന്റെ വീഡിയോയാണ് ഇയാൾ പോസ്റ്റ് ചെയ്തിരിക്കുന്നത്.
ബാക്കിയെല്ലാവരു വീഡിയൊ കാണാൻ തിരക്കുകൂട്ടി.
ഇത് അതിന്റെ ശോചനീയാവസ്ഥയിലാണ്.
ഇത് കളകളും വള്ളിച്ചെടികളും കൊണ്ട് നിറഞ്ഞിരിക്കുന്നു ... നമ്മൾ അതിനെക്കുറിച്ച് അറിയാത്തതിൽ അതിശയിക്കാനില്ല.
ഇത് ശരിയല്ല.
യുവ ബ്രിഗേഡ് എന്ന സംഘത്തിന്റെ ഭാഗമായിരുന്നു എല്ലാ യുവാക്കളും. വൈകാതെ അവർ ക്ഷേത്രം സന്ദർശിച്ചു.
ഈ പ്രതിമയിൽ നോക്കൂ. ഇത് മനോഹരമായിരിക്കുന്നു.
വീഡിയോയിൽ പറയുന്നത് ഈ അമ്പലത്തിന് 300 വർഷത്തെ പഴക്കമുണ്ടെന്നാണ്!
ഓക്കെ, ഞാൻ ഈ ഭാഗം മുതൽ ശുചിയാക്കാൻ പോവുകയാണ്.
ഇവിടെ ഞാനും ചെയ്യാം.
അത് കാഠിന്യമേറിയ ദൗത്യമായിരുന്നു. അംബലം പതിറ്റാണ്ടുകളായി ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു.

*YOUTH GROUP


ഇവർക്കെല്ലാം ജോലിയുണ്ടായിരുന്നതിനാൽ വാരാന്ത്യങ്ങളിൽ യുവ ബ്രിഗേഡ് അംഗങ്ങൾ ക്ഷേത്രത്തിൽ പണിയെടുത്തു.
അയ്യോ, ഈ തുരങ്കം നിറയെ ചെളി യാണ്.
അവിടെ നോക്ക്! പാമ്പ്!
തളരാതെ അവർ ശുചീകരണം തുടർന്നു.
പതിയെ ക്ഷേത്രത്തിന്റെ ഭംഗി വെളിപ്പെട്ടു തുടങ്ങി.
ഈ കൊത്തു പണികളെല്ലാം വളരെ സങ്കീർണ്ണമാണ്.
ഞാൻ ഇത് സോഷ്യൽ മീഡിയ യിൽ പോസ്റ്റ് ചെയ്യാൻ പോകുന്നു... മറ്റുള്ള വർ നമ്മളോടൊപ്പം ചേർന്നേക്കാം.
വൈകാതെ –
ഞാൻ നിങ്ങളുടെ പോസ്റ്റ് കണ്ടു. എനിക്ക് ഒരു സിമന്റ് ബിസിനസ്സ് ഉണ്ട്. പുനരുദ്ധാരണത്തിനുള്ള സാമഗ്രികൾ എനിക്ക് സംഭവന ചെയ്യാൻ സാധിക്കും.
ഞാൻ പെയിന്റ് നൽകാം.
യഥാർത്ഥ വിഗ്രഹങ്ങൾ മോഷ്ടിക്കപ്പെട്ടു. യുവ ബ്രിഗേഡ് പുതിയ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും തകർന്ന മതിലുകൾ നന്നാക്കുകയും മാസങ്ങൾ നീണ്ട പരിശ്രമത്തിനൊടുവിൽ വീരഭദ്രസ്വാമി ക്ഷേത്രം വീണ്ടും വൃത്തിയും ഭംഗിയുമുള്ളതായി.
അതേ വർഷം തന്നെ മൻ കി ബാത്തിൽ ഗ്രൂപ്പിനെ പ്രധാനമന്ത്രി പ്രശംസിച്ചു.
ഇന്ത്യയിലെ യുവാക്കളെ കാണുമ്പോൾ, എനിക്ക് ആഹ്ലാദവും പ്രതീക്ഷയും തോന്നുന്നു, കാരണം അവരിൽ 'സാധ്യമാണ്' എന്ന സമീപനവും 'ചെയ്യാൻ' ഉള്ള മനോഭാവവും ഉണ്ട്. ഒരു വെല്ലുവിളിയും അവർക്ക് വലുതല്ല. ഒന്നും കൈയെത്താ ദൂരത്തല്ല.



# മൻ കി ബാത്ത്

## വാല്യം – 11

പ്രധാനമന്ത്രി മോദിയുടെ റേഡിയോ പരിപാടിയെ അടിസ്ഥാനമാക്കിയുള്ള മൻ കി ബാത്തിന്റെ പതിനൊന്നാം വാല്യം, ഇച്ഛാശക്തിയുള്ളിടത്ത് ഒരു വഴിയുണ്ടെന്ന് തെളിയിക്കുന്നു.

ദൈതരി നായിക് താമസിച്ചിരുന്നത് നിലം വരണ്ടുണങ്ങിയ, വിളകൾ നശിക്കുന്ന, കുന്നുകൾക്ക് പിന്നിൽ നിന്നുള്ള വെള്ളത്തിന്റെ കുത്തൊഴുക്ക് എപ്പോഴും കേൾക്കാറുണ്ടെങ്കിലും ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു ഗ്രാമത്തിലായിരുന്നു. ഒരു ഉൾപ്രേരണ നിറഞ്ഞ പ്രഭാതത്തിൽ, ഒരു ഇരുമ്പ് ദണ്ഡും, ഒരു തൂവാലയും, ചരിത്രം സൃഷ്ടിക്കാനുള്ള ആഗ്രഹവുമായി അദ്ദേഹം യാത്ര തുടങ്ങി. വർഷങ്ങളുടെ അധ്വാനത്തിന് ശേഷം, ജീവജലം നിറഞ്ഞ ഒരു കനാൽ ഈ ഇച്ഛാശക്തിയുടെ സാക്ഷ്യമായി ഒഴുകുന്നു.

ദാരിദ്ര്യത്തിന്റെ ഞെരുക്കത്തിൽ വലിയ സ്വപ്നങ്ങളുമായാണ് സോണാലി ഹെൽവി ജനിച്ചത്. റിപ്പോർട്ട് കാർഡുകളും പ്രവേശന പരീക്ഷകളും വിജയത്തിലേക്കുള്ള ഏക വഴിയായി കണ്ട ഒരു കുടുംബം അവളുടെ കബഡിയോടുള്ള താൽപര്യം നിരുത്സാഹപ്പെടുത്തി. എന്നാൽ സൊണാലിയുടെ ആഗ്രഹം ശക്തമായിരുന്നു. വർഷങ്ങൾകൊണ്ട് അവളുടെ മത്സരങ്ങളെയത്രയും മെഡലുകളാക്കി, നിരുത്സാഹപ്പെടുത്തിയവരെ പിന്തുണക്കാരാക്കി മാറ്റി.

ശ്രീപതി ടുഡു തന്റെ മാതൃഭാഷയായ സന്താളിയെ സേവിക്കുന്നതിനായി തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. തന്റെ ഗോത്രഭാഷയിൽ ഇന്ത്യൻ ഭരണഘടന ലഭ്യമല്ലെന്നു കണ്ടെത്തിയതോടെ അദ്ദേഹത്തിന്റെ മനസ്സുണർന്നു. കഠിനമായ വിവർത്തനത്തിന്റെ കാലം അദ്ദേഹം അതിനായി പിന്നിട്ടു. സാന്താളികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനായി അവർക്ക് അറിവ് പകർന്നു കൊടുത്തു.

പ്രചോദിപ്പിക്കുന്ന പതിനൊന്ന് കഥകളുടെ ഈ സമാഹാരം, വിജയത്തിലേക്കുള്ള വഴിയെ കുറിച്ചും, ശ്രമിക്കാനുള്ള ഇച്ഛയെക്കുറിച്ചുമാണ്.



₹99

www.amarchitrakatha.com
ISBN 978-93-6127-464-0
9 789361 274640